# അക്കാദമിക
# മാസ്റ്റർ പ്ലാൻ
# തിരുവള്ളൂർ
# നോർത്ത്
# എൽ.പി സ്കൂൾ

# തളിര്



## താളുകളിലൂടെ

- ആമുഖം
- പിന്നിട്ട വഴികൾ
- അക്കാദമിക മാസ്റ്റർ പ്ലാൻ
    - ഒന്നാം ക്ലാസ്
        - മലയാളം
        - ഇംഗ്ലീഷ്
        - ഗണിതം
        - പരിസരപഠനം.
    - രണ്ടാം ക്ലാസ്
        - മലയാളം
        - ഇംഗ്ലീഷ്
        - ഗണിതം
        - പരിസരപഠനം
    - മൂന്നാം ക്ലാസ്
        - മലയാളം
        - ഇംഗ്ലീഷ്
        - ഗണിതം
        - പരിസരപഠനം
    - നാലാം ക്ലാസ്
        - മലയാളം
        - ഇംഗ്ലീഷ്
        - ഗണിതം
        - പരിസരപഠനം
    - അറബിക്
        - ഒന്നുമുതൽ നാലാംക്ലാസ് വരെ.

## ആമുഖം.

അനുദിനം മാറിക്കൊണ്ടിരിക്കുന്ന കാലത്തിൽ നല്ല നിലയിൽ ഇടപെട്ട് ജീവിക്കാനാവശ്യമായ ശേഷികളും ധാരണകളും മനോഭാവങ്ങളും രൂപീകരിച്ച് സമൂഹത്തെ മുന്നോട്ടു നയിക്കാൻ വ്യക്തികളെ പ്രാപ്തരാക്കുക എന്നതാണ് വിദ്യാഭ്യാസത്തിന്റെ ആത്യന്തിക ലക്ഷ്യം. വ്യക്തികളുടെ വികസനത്തിലൂടെ സമൂഹിക പു-രോഗതിയാണ് നാം ലക്ഷ്യം വെയ്ക്കുന്നത്. കേരളം മറ്റു രംഗങ്ങളിലെന്നപോലെ വിദ്യാഭ്യാസരംഗത്തും ഏറെ നേട്ടങ്ങൾ കൈവരിച്ചിട്ടുണ്ട്. സംസ്ഥാനത്ത് നടപ്പിലാക്കിയ പൊതു വിദ്യാഭ്യാസ സംരക്ഷണ യജ്ഞം വിദ്യാഭ്യാസ രംഗത്ത് അഭൂതപൂർവമായ ഉണർവ് സൃഷ്ടിച്ചു. ഇതിന്റെ ഭാഗമായി വിദ്യാലയങ്ങൾ ഭൗതിക രംഗത്തും അക്കാദമിക രംഗത്തും ഏറെ നേട്ടങ്ങൾ കൈവരിച്ചു. തൻവീർ. കെ.വി ആയിഷ കെ.ടി, അബ്ദുള്ള സി.കെ, സംഗീത.ടി, ഷൈനി ഹസനത്ത് കാരക്കോട്ടത്തിൽ എന്നിവരാണ് നിലവിലുള്ള അധ്യാപകർ. ഈ അധ്യയന വർഷത്തിൽ ദിവസവേതന അടിസ്ഥാനത്തിൽ ഷീബ എം.ആർ, അസ്മ പി. അഖില സി.ജി എന്നിവരെ നിയമിച്ചിട്ടുണ്ട്. ഇപ്പോഴത്തെ മാനേജർ എൻ.വി മൊയ്തുവും സെക്രട്ടറി നടോൽ അബ്ദുറഹ്മാൻ മാസ്റ്ററും മാനേജ്മെന്റ് പ്രതിനിധി പൂക്കിനത്ത് കുഞ്ഞമ്മദ് ഹാജിയും ആണ്.

# പിന്നിട്ട വഴികൾ......

തോടന്നൂർ ഉപജില്ലയിൽപെട്ട തിരുവള്ളൂർ ഗ്രാമ പഞ്ചായത്തിലെ ആറാം വാർഡിൽ – ആയഞ്ചേരി തിരുവള്ളൂർ റോഡിൽ ചിറമുക്കിൽ നിന്നും ഏകദേശം 200m ഇടത്തോട്ട് തിരിഞ്ഞാൽ തിരുവള്ളൂർ നോർത്ത് എൽ.പി സ്കൂളിലെത്താം.

രേഖകൾ ഒന്നും ലഭ്യമായില്ലെങ്കിലും നാട്ടറിവിന്റെ അടിസ്ഥാനത്തിൽ ഈ വിദ്യാലയത്തിന് നൂറിൽ പരം വർഷങ്ങളുടെ പഴക്കമുണ്ട്. ആദ്യകാലത്ത് എഴുത്തുപള്ളിക്കൂടമായിട്ടായിരുന്നു തുടക്കം. 1922 നവംബർ 27ന് ഗേൾസ് സ്കൂളായ ആരംഭിച്ചിരുന്നെങ്കിലും ഒരു പരിപൂർണ്ണ എൽ.പി സ്കൂളായി അംഗീകാരം കിട്ടുന്നത് 1939 ലാണ് (REN 0711E R134 Dated 14-7-1939].

ഈ അധ്യയന വർഷത്തിൽ ആൺകുട്ടികളും പെൺകുട്ടികളും ഉൾപ്പെടെ കുട്ടികളാണുള്ളത്. ഇതിന് പുറമെ സ്കൂളിൽ ഒരു പ്രീ പ്രൈമറി പ്രവർത്തിക്കുന്നുണ്ട്. വിദ്യാലയത്തിലെ പ്രധാന അധ്യാപിക ഹസീന ടീച്ചർ ആണ്.

ഈ വിദ്യാലയത്തിൽ നിന്നും പഠിച്ചിറങ്ങിയ പല വിദ്യാർത്ഥികളും സർക്കാർ സർവ്വീസിലും ഉന്നത സ്ഥാനങ്ങളിലും എത്തിയിട്ടുണ്ട് (ഡോക്ടർ, എഞ്ചിനീയർ, പോലീസ്, അദ്ധ്യാപകർ, മിലിട്ടറി) എൽ.എസ്.എസ്, യു.എസ്.എസ് ഉൾപ്പെടെയുള്ള മത്സര പരീക്ഷയിൽ ഉന്നത വിജയം കൈവരിക്കാനും കലാ കായിക രംഗത്ത് തങ്ങളുടെ സാന്നിധ്യം അറിയിക്കാനും സാധിച്ചിട്ടുണ്ട്.

## അക്കാദമിക കാഴ്ചപ്പാട്

പഠനം ഫലപ്രദമാകുന്നതിന് ശാസ്ത്രീയമായ വിലയിരുത്തൽ അനിവാര്യമാണ്. ആസൂത്രണഘട്ടത്തിൽ തന്നെ വിലയിരുത്തൽ രീതികളും നിശ്ചയിക്കണം. പഠന പ്രവർത്തനങ്ങൾ, ഉപകരണങ്ങൾ, വിലയിരുത്തൽ രീതികൾ തുടങ്ങിയവ ഉൾച്ചേരുമ്പോഴാണ് ആസൂത്രണം സമഗ്രമാവുന്നത് അതിന് വേണ്ട സൂചനകൾ തയ്യാറാക്കുകയാണ് നാം ഇവിടെ ചെയ്യുന്നത്. പൊതുവിദ്യാലയങ്ങളെ മികവിന്റെ കേന്ദ്രങ്ങളാക്കുക എന്ന ലക്ഷ്യം വെച്ച് കൊണ്ട് ഗുണമേന്മയുള്ള വിദ്യാഭ്യാസം ഉറപ്പാക്കാനും ഓരോ കുട്ടിയുടെയും സർവ്വതോന്മുഖമായ വളർച്ച ലക്ഷ്യം വെച്ച് കൊണ്ട് ഓരോ കുട്ടിയെയും ഓരോ യൂണിറ്റായി പരിഗണിക്കുക. അവരുടെ വിവിധ മേഖലകളിലുള്ള വികാസനം, കരിക്കുല-

പാഠ്യപദ്ധതിയും വിഭാവനം ചെയ്ത പ്രകാരം ഏറ്റവും ഉയർന്ന തലത്തിൽ എത്തിക്കുക. വ്യക്തിഗത ആസൂത്രണത്തിലൂടെ ഓരോ കുട്ടികളുടെ പൊതുവായ കഴിവും ഓരോ കുട്ടിയുടെ സവിശേഷമായ കഴിവും പരിമിതികളും തിരിച്ചറിഞ്ഞ് മുഴുവൻ കുട്ടികളുടെയും പഠന മുന്നേറ്റത്തിന് തുല്യമായ അവസരങ്ങൾ ഒരുക്കാൻ കഴിയും. ഇങ്ങനെ വിദ്യാലയത്തിലെ മുഴുവൻ കുട്ടികളെയും മാനസികവും ശാരീരികവും ബുദ്ധി പരവുമായ എല്ലാ കഴിവുകളെയും വികസിപ്പിച്ച് അക്കാദമിക വളർച്ചക്ക് വേണ്ടി ഒരുക്കുന്ന സമഗ്ര മേഖലയാണിത്.

ഒന്ന് മുതൽ 4 വരെ ക്ലാസിൽ പഠിക്കുന്ന കുട്ടികൾക്ക് ആർ. ടി. ഇ. 2009 വ്യവസ്ഥ പ്രകാരം 200 പ്രവൃത്തിദിനങ്ങളും 800 മണിക്കൂർ ബോധന സമയവും ലഭിക്കേണ്ടതുണ്ട്.

ശാരീരികവും മാനസികവുമായ വെല്ലുവിളികൾ നേരിടുന്നവർക്കും പഠനപ്രയാസം അനുഭവപ്പെടുന്ന കുട്ടികൾക്കും പ്രത്യേക പഠനാവശ്യങ്ങളുണ്ട്. കേൾവിക്കുറവ്, കാഴ്ചപരിമിതി, ബുദ്ധിപരമായ പരിമിതി, ചലനപരമായ പരിമിതി, പഠനവൈകല്യം, ഓട്ടിസം, സെറിബ്രൽ പാൾസി, ബഹുവിധ വൈകല്യങ്ങൾ വൈകാരിക അസന്തുലിതാവസ്ഥയിലുള്ള ശ്രദ്ധാപരമായ പരിമിതിയുള്ളവർ എന്നിവരെല്ലാം ഇതിൽ പെടുന്നു.

ഇവർക്കുവേണ്ടി പാഠ്യപദ്ധതിയുടെ വിനിമയത്തിന്

നാം ഈ കാര്യങ്ങൾ അനുവർത്തിക്കേണ്ടതുണ്ട്.

കൂടാതെ.

* പഠനാവശ്യങ്ങൾ, അഭിരുചി എന്നിവ പരിഗണിച്ച് പഠന പ്രവർത്തനങ്ങളുടെ ആസൂത്രണം
* പഠനപ്രവർത്തനങ്ങളിൽ പങ്കാളിത്തം ഉറപ്പാക്കുന്ന രീതിയിൽ പാഠാസൂത്രണത്തിൽ അനുരൂപീകരണം
* വ്യക്തി പഠനരേഖ, പഠനശൈലി എന്നിവ പരിഗണിച്ചുകൊണ്ട് വൈവിധ്യവത്കരിക്കപ്പെട്ട സമീപനം നടപ്പിലാക്കൽ
* പരിഹാര പ്രവർത്തനങ്ങൾ, പോഷണപ്രവർത്തനങ്ങൾ. എന്നിവ ഓരോ കുട്ടിക്കും ആവശ്യാനുസൃതമായി ആസൂത്രണം ചെയ്ത് നടപ്പിലാക്കൽ
* വിവിധ വിഷയങ്ങളിൽ സാധ്യത അന്വേഷിച്ച് പ്രവർത്തിക്കൽ
* പരിഹാര പ്രവർത്തനങ്ങൾ, പോഷണപ്രവർത്തനങ്ങൾ എന്നിവ ഓരോ കുട്ടിക്കും ആവശ്യാനുസൃതമായി ആസൂത്രണം ചെയ്ത് നടപ്പിലാക്കൽ.
* റിസോഴ്സ് അധ്യാപകരുടെയും മറ്റ് വിദഗ്ധരുടെയും സഹായം ഉറപ്പാക്കൽ.
* കുട്ടികളുടെ പഠനം, പരിരക്ഷ എന്നീ കാര്യങ്ങളിൽ രക്ഷിതാക്കളുടെ നിരന്തര പിന്തുണ ഉറപ്പാക്കൽ

ഈ ആശയമേഖലയിലെ കുട്ടികളെ കൂടാതെ സവിശേഷ ശ്രദ്ധയും പരിഗണനയും വേണ്ടവരാണ് വർദ്ധിച്ച അഭിരുചിയു

കഴിവുള്ള കുട്ടികൾ. ഇങ്ങനെ എല്ലാവിധം കുട്ടികളെയും ഉൾക്കൊള്ളാൻ സാധിക്കും വിധം സ്കൂൾ പ്രവർത്തനങ്ങളെയും ഭൗതിക സാഹചര്യങ്ങളെയും ആവശ്യമായി ക്രമീകരിക്കേണ്ടതുണ്ട്.

+ ഈ പ്രതിഭാശാലികൾക്ക് വിവിധ തരത്തിലുള്ള ക്വിസ് മത്സരങ്ങൾ, നല്ലവായന, ദിനാചരണങ്ങൾ മത്സരപരീക്ഷകൾ എന്നിവ നടത്താറുണ്ട്

## മോണിറ്ററിംഗ്

ഓരോ വിദ്യാർത്ഥിക്കും പ്രതിഭകളുണ്ട്. അദ്ധ്യാപകരുടെയും തന്റെ ശേഷികൾ കണ്ടെത്തി വികസിപ്പിച്ച് എ